
# നിപ്പ (NIPAH)



**പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം ?**

- തുടക്കത്തിൽ  കാണുന്ന ലക്ഷണങ്ങൾ :
  - പനി
  - തലവേദന
  - പേശി വേദന
  - ഛർദ്ദി
  - തൊണ്ടവേദന
- തുടർന്ന് ഉണ്ടാകാവുന്ന ലക്ഷണങ്ങൾ :
  - തലകറക്കം
  - മയക്കം
- ചില ആളുകൾക്ക് ന്യുമോണിയയും കടുത്ത ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളും അനുഭവപ്പെടാം.



**പ്രതിരോധ മാർഗ്ഗങ്ങൾ എന്തെല്ലാം ?**

- നിപ്പ വൈറസ് ബാധിതരുമായുള്ള സമ്പർക്കം ഒഴിവാക്കണം.
- പഴങ്ങൾ നന്നായി കഴുകി തൊലി കളഞ്ഞ് കഴിക്കണം.
- വവ്വാലുകൾ കടിച്ചതിന്റെ ലക്ഷണമുള്ള പഴങ്ങൾ ഉപേക്ഷിക്കണം.
- മൃഗങ്ങളെ പരിചരിച്ചശേഷം സോപ്പുപയോഗിച്ച് കൈകാലുകൾ നന്നായി കഴുകുക.
- മൃഗങ്ങളെ പാർപ്പിക്കുന്ന കെട്ടിടങ്ങൾക്കുള്ളിൽ വവ്വാലുകൾ കടക്കാതിരിക്കാനുള്ള സംവിധാനം ഒരുക്കുക.
- ജലസ്രോതസ്സുകൾ വിസർജ്ജ്യം വീഴാതെ മൂടി സംരക്ഷിക്കുക.
- ഫാമുകളിൽ അനാവശ്യ സന്ദർശകരെ ഒഴിവാക്കുക.
- പകർച്ചവ്യാധി ഉണ്ടെന്ന് സംശയിക്കുന്നുവെങ്കിൽ, മൃഗങ്ങളുടെ പരിസരം ഉടനടി ക്വാറന്റൈൻ ചെയ്യണം.
- പന്നി ഫാമുകൾ ഡിറ്റർജന്റുകൾ ഉപയോഗിച്ച് പതിവായി വൃത്തിയാക്കുന്നതും അണുവിമുക്തമാക്കുന്നതും അണുബാധ തടയുന്നതിന് ഫലപ്രദമാണ്.
- രോഗം ബാധിച്ച/സംശയിക്കുന്ന പന്നികളുമായി സമ്പർക്കം പുലർത്തുന്നത് പരമാവധി ഒഴിവാക്കണം.
- രോഗബാധിതരായ മൃഗങ്ങളെ കൊല്ലുന്നത് ആളുകളിലേക്ക് പകരാനുള്ള സാധ്യത കുറയ്ക്കുന്നതിന് ആവശ്യമായി വന്നേക്കാം.
- പുതിയ പന്നിഫാമുകൾ ആരംഭിക്കുമ്പോൾ , പ്രദേശത്തെ പഴംതീനി വവ്വാലുകളുടെ സാന്നിദ്ധ്യം പരിഗണിക്കുകയും പന്നിത്തീറ്റയും പന്നിപ്പുരയും വവ്വാലുകളിൽ നിന്ന് സംരക്ഷിക്കുകയും വേണം.
- വവ്വാലുകൾ കടിച്ച പഴങ്ങൾ മൃഗങ്ങൾക്ക് ആഹാരമായി നൽകരുത്.
- വവ്വാലുകളുടെ ആവാസവ്യവസ്ഥയിലേയ്ക്കുള്ള കടന്നുകയറ്റം (Eg. Deforestation) ഒഴിവാക്കുക.
- നിപാ വൈറസ് ബാധയിൽ പന്നികളും പഴംതീനി വവ്വാലുകളും ഉൾപ്പെട്ടിരിക്കുന്നതിനാൽ, വന്യജീവി / മൃഗങ്ങളുടെ ആരോഗ്യനിരീക്ഷണ സംവിധാനം അത്യന്താപേക്ഷിതമാണ്.